# നീതിവേദി



നീതി ഔദാര്യമല്ല...
അവകാശമാണ്...





## ആദിവാസി സംഘടനാ നെറ്റ്‌വർക്ക് മീറ്റിംഗ്

2022 ജൂലൈ മാസം 7-ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് ആദിവാസി സംഘടനാ പ്രതിനിധികളുടെ യോഗം ചേർന്നു. ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് സ്വാഗതം ആശംസിച്ചു. തുടർന്ന് എല്ലാവരും പരിചയപ്പെട്ടതിനുശേഷം ചർച്ചകൾ നടന്നു. ആദിവാസി പ്രശ്നങ്ങളിൽ എങ്ങനെ ഒന്നിച്ച് പ്രവർത്തിക്കാം എന്നത് സംബന്ധിച്ചും ആദിവാസി ദിനാചരണത്തെ കുറിച്ചും ചർച്ചകൾ നടന്നു. ചർച്ചകൾക്ക് പ്രസിഡന്റ് അഡ്വക്കേറ്റ് ഫാദർ സ്റ്റീഫൻ മാത്യു നേതൃത്വം നൽകി. വിവിധ സംഘടനകളിൽ നിന്നും 20 പേർ പങ്കെടുത്തു.

## ഇന്റർഫെയ്ത്ത് എക്സ്പീരിയൻസ് വർക്ക്ഷോപ്പ്



2022 ജൂലൈ 11,12,13 തിയതികളിൽ ബാംഗ്ലൂർ വെച്ച് നടന്ന പൈലറ്റ് ഇന്ത്യാ ഇന്റർഫെയ്ത്ത് എക്സ്പീരിയൻസ് ട്രെയിനിംഗിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ പ്രവീൺ കുമാർ വി പി, യുവജന ക്ലബ് പ്രതിനിധി ശ്രീ ഉനൈസ് തലപ്പുഴ എന്നിവർ പങ്കെടുത്തു.

## എസ്.പി.സി. റിവ്യൂ മീറ്റിംഗ്

2022 ജൂലൈ 20 ന് കൽപ്പറ്റ പ്രൊട്ടക്ഷൻ ഓഫീസിൽ വെച്ച് നടന്ന എസ് പി സി റിവ്യൂ മീറ്റിംഗിൽ ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ. ജോമോൾ ജോയി എന്നിവർ പങ്കെടുത്തു.

## എം.എം. റിവ്യൂ മീറ്റിംഗ്

2022 ജൂലൈ 21,22,23 തിയതികളിൽ ബാംഗ്ലൂർ വെച്ച് നടന്ന എം എം റിവ്യൂ മീറ്റിംഗിൽ നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ പങ്കെടുത്തു.

# ഓണാഘോഷം

2022 സെപ്റ്റംബർ 03 ന് മരിക്കംതേരി, കമ്പളക്കാട്, സെപ്റ്റംബർ 04 ന് ചെറുകാട്ടൂർ, വെള്ളമുണ്ട, ചെമ്പുചിറ, സെപ്റ്റംബർ 05 ന് വാര്യാട്കുന്ന്, സെപ്റ്റംബർ 07 ന് വള്ളുവാടി, സെപ്റ്റംബർ 1 ന് പുലരി എന്നിവിടങ്ങളിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ കലാ-കായിക പരിപാടികളും പായസ വിതരണവും നടത്തി. വനിതാ-യുവജന–വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മകൾ നേതൃത്വം നൽകി.



വനിതാ - വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ - കമ്പളക്കാട്



വനിതാ-വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ ചെറുകാട്ടൂർ



വനിതാ സൗഹൃദ കൂട്ടായ്മ- വെള്ളമുണ്ട



യൂത്ത് സൗഹൃദ കൂട്ടായ്മ - ചെമ്പുചിറ



വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ വാര്യാട്കുന്ന്



യൂത്ത് സൗഹൃദ കൂട്ടായ്മ - വള്ളുവാടി



വനിതാ സൗഹൃദ കൂട്ടായ്മ - പുലരി

# വനിതാ സൗഹൃദ ക്ലബ്ബുകൾ

## 'മിത്രം' വനിതാ സൗഹൃദ കൂട്ടായ്മ



ജൂലൈ മാസം 9-ാം തിയ്യതി ആവയൽ മിത്രം വനിതാ സൗഹൃദ കൂട്ടായ്മയിലെ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി സുമി ഷാജി സ്വാഗതം പറഞ്ഞു. ശ്രീമതി സജിത അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ശാരദ മണി ഉദ്ഘാടനം ചെയ്തു. ആദിവാസി ദിനാചരണം, സ്വാതന്ത്ര്യദിനാഘോഷം തുടങ്ങിയ പരിപാടികളുടെ ചർച്ചകൾ നടന്നു. എല്ലാമാസവും യോഗം ചേരാനും, ഹെൽത്ത് സെന്ററിന്റെ പരിസരത്ത് വെച്ച് കായിക വിനോദങ്ങൾ നടത്താൻ അനുവാദം വാങ്ങാനും, സ്വാതന്ത്ര്യ ദിന പരിപാടിയിൽ ക്വിസ് മത്സരം നടത്താനും തീരുമാനിച്ചു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി. ശ്രീമതി ശുഭ നന്ദി പറഞ്ഞു.





25.10.2022 ന് ആവയലിൽ വെച്ച് മിത്രം വനിതാ സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. സെക്രട്ടറി ശ്രീമതി ലിജ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പ്രസിഡന്റ് ശ്രീമതി സാജിത അദ്ധ്യക്ഷത വഹിച്ചു. ദീപാവലി ആശംസകളും നേർന്നു. വനിതാ സൗഹൃദ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് ചർച്ച ചെയ്തു. കൂട്ടായ്മയിൽ ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ യോഗാപരിശീലനം നടത്താൻ തീരുമാനിച്ചു. ഇതിനായി സബ് സെന്റർ പരിസരം അംഗങ്ങൾ ചെത്തി വൃത്തിയാക്കി. ശ്രീമതി സുമി ഷാജി എല്ലാവർക്കും നന്ദി പറഞ്ഞു.

## 'പുലരി' വനിതാ സൗഹൃദ കൂട്ടായ്മ

ജൂലൈ മാസം 11-ാം തിയ്യതി കായലിങ്കലിൽ പുതിയ വനിതാ സൗഹൃദ കൂട്ടായ്മ രൂപീകരിച്ചു. കൂട്ടായ്മക്ക് 'പുലരി' എന്ന പേര് നൽകി. ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നീതിവേദിയുടെ പ്രവർത്തനങ്ങളും വനിതാ കൂട്ടായ്മയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദീകരിച്ചു. ശ്രീമതി മാധവി കെ. (പ്രസിഡന്റ്), ശ്രീമതി ഓമന കെ.എ. (വൈസ് പ്രസിഡന്റ്), ശ്രീമതി ഇന്ദിര (സെക്രട്ടറി), ശ്രീമതി ആലീസ് ജോർജ് (ജോ. സെക്രട്ടറി) എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. കൂട്ടായ്മയിലെ അംഗമായ വിനീതയുടെ ഭർത്താവ് സുഖമില്ലാതെ കിടപ്പിലായതിനാൽ എല്ലാവരും കൂടി അവരുടെ വീട് സന്ദർശിച്ചു. ശ്രീമതി ഓമന നന്ദി പറഞ്ഞു.



## ‘സ്വപ്നക്കൂട്’ വനിതാ സൗഹൃദ കൂട്ടായ്മ

2022 ജൂലൈ 16 ന് അടിച്ചിലാടി സ്വപ്നക്കൂട് വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീമതി ലിമ സ്വാഗതം പറഞ്ഞു. ശ്രീമതി ശ്യാമള അദ്ധ്യക്ഷത വഹിച്ചു. കായികോപകരണങ്ങൾ വിതരണം ചെയ്തു. ശ്രീമതി ഷീബ ടീച്ചർ നന്ദി പറഞ്ഞു. ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനാഘോഷവും ഓണാഘോഷവും നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ മാസവും ഏതെങ്കിലും ശനിയാഴ്ച യോഗം ചേരാൻ തീരുമാനിച്ചു. 21 പേർ പങ്കെടുത്തു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.






## ‘എടപ്പട്ടി’ വനിതാ സൗഹൃദ കൂട്ടായ്മ

2022 ജൂലൈ 17 ന് എടപ്പട്ടി വനിതാ സൗഹൃദ കൂട്ടായ്മയിലലെ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി ജാനകി സ്വാഗതം പറഞ്ഞു. സെക്രട്ടറി ശ്രീമതി കവിത അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ലീല നന്ദി പറഞ്ഞു. ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ നേതൃത്വം നൽകി.

## ‘പരിയാരം’ വനിതാ സൗഹൃദ കൂട്ടായ്മ



2022 ജൂലൈ 22 ന് മുട്ടിൽ പരിയാരം വനിതാ ക്ലബ് മീറ്റിംഗ് നടന്നു. പ്രസിഡന്റ് ശ്രീമതി ഖദീജ സ്വാഗതം പറഞ്ഞു. ശ്രീമതി ആയിഷ അദ്ധ്യക്ഷത വഹിച്ചു. സോപ്പ് കിറ്റ് നിർമ്മിച്ച് വിറ്റ അനുഭവങ്ങൾ പങ്കുവെച്ചു. ശ്രീമതി റിഷാന നന്ദി പറഞ്ഞു. 20 അംഗങ്ങൾ പങ്കെടുത്തു.

13.10.2022 ന് പരിയാരം വനിതാ സൗഹൃദ ക്ലബ്ബിന്റെ മീറ്റിംഗ് നടന്നു. ശ്രീമതി സരോജിനിയുടെ ഈശ്വര പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. ശ്രീമതി ആയിഷാബി സ്വാഗതം പറഞ്ഞു. സെക്രട്ടറി ശ്രീമതി കദീജ അദ്ധ്യക്ഷത വഹിച്ചു. ലഹരി മരുന്നിന്റെ ഉപയോഗത്തെപ്പറ്റിയും കുട്ടികളെ ശ്രദ്ധിക്കേണ്ടതിനെ കുറിച്ചും അംഗങ്ങൾക്ക് ബോധവൽക്കരണം നൽകി. ലീഗൽ ക്ലിനിക്കിനെ കുറിച്ച് വിശദീകരിച്ചു. കൂട്ടായ്മയുടെ ടൂർ സംഘടിപ്പിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു. പ്രസിഡന്റ് ശ്രീമതി ലൈല നന്ദി പറഞ്ഞു.




## ‘മാറ്റൊലി’ വനിതാ സൗഹൃദ കൂട്ടായ്മ

2022 ജൂലൈ 22 ന് മീനങ്ങാടി മണിവയൽ മാറ്റൊലി വനിതാ സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. ശ്രീമതി സുജാത സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ അദ്ധ്യക്ഷത വഹിച്ചു. ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനാഘോഷവും ഓണാഘോഷവും നടത്തുന്നതിനെ ക്കുറിച്ച് ചർച്ച ചെയ്തു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി. ശ്രീമതി കോമളവല്ലി നന്ദി പറഞ്ഞു.

## ‘Awesome Blossom’ വനിതാ സൗഹൃദ കൂട്ടായ്മ

18.08.2022 ന് എ.പി.ജെ. നഗറിൽ വെച്ച് ‘Awesome Blossom’ വനിതാ സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. ശ്രീമതി താജൂന്നീസ എല്ലാവരെയും സ്വാഗതം ചെയ്തു. ഓണാഘോഷ പരിപാടിയെ കുറിച്ച് ചർച്ച ചെയ്തു. കുട്ടികളുടെ പരീക്ഷ കഴിഞ്ഞുള്ള തിയ്യതിയിൽ നടത്താമെന്ന് തീരുമാനമായി. ശ്രീമതി ജെയ്ന എല്ലാവർക്കും നന്ദി പറഞ്ഞു. സൗഹൃദ കൂട്ടായ്മയുടെ വൈസ് പ്രസിഡന്റ് ശ്രീമതി മൈമൂന വീണ് കാലിൽ ചതവ് പറ്റി ചികിത്സയിൽ കഴിയുന്നതിനാൽ എല്ലാഅംഗങ്ങളും അവരെ സന്ദർശിച്ചു.




15.10.2022 ന് ‘Awesome Blossom’ വനിതാ സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. ജൂബിലി അനീഷ് മീറ്റിംഗിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. നബിദിനാഘോഷം സംഘടിപ്പിക്കുന്നതിനെ കുറിച്ചും, നവംബർ മാസം 12-ാം തിയ്യതി നടത്താൻ തീരുമാനിച്ച ശിശുദിന ആഘോഷത്തെ കുറിച്ചും ചർച്ച ചെയ്തു. മീറ്റിംഗിൽ പങ്കെടുക്കാത്ത അംഗങ്ങളുടെ അഭിപ്രായം വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ ചോദിച്ച ശേഷം നബിദിനാഘോഷം 22.10.2022 ന് നടത്താൻ തീരുമാനിച്ചു. ശ്രീമതി ജെസ്ന എല്ലാവർക്കും നന്ദി പറഞ്ഞു.

## വനിത ക്ലബ്ബ് ഭാരവാഹികളുടെ മീറ്റിംഗ്




2022 സെപ്റ്റംബർ 15 ന് നീതിവേദി ഓഫീസിൽ വെച്ച് വനിതാ ക്ലബ് ഭാരവാഹികളുടെ മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. ക്ലബ് തല പ്രവർത്തന വിലയിരുത്തൽ നടത്തി. തുടർന്ന് സ്ത്രീകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പങ്കുവെയ്ക്കൽ നടത്തി. നവംബർ മാസത്തിൽ ഹാപ്പിനസ് പ്രോഗ്രാം സംഘടിപ്പിക്കാനും ഡിസംബർ മാസത്തിന് മുമ്പ് ഓരോ ക്ലബ് തലത്തിൽ പിക്നിക് നടത്താനും മാർച്ച് 8 ന് ജില്ലാതലത്തിൽ വനിതാദിനം ആഘോഷിക്കാനും തീരുമാനിച്ചു. 11 വനിതാ ക്ലബുകളിൽ നിന്നായി 33 പേര് പങ്കെടുത്തു.





# യുവജന സൗഹൃദ ക്ലബുകൾ

## പൊൻകുഴി



2022 ജൂലൈ 18 ന് ബത്തേരി മുനിസിപ്പാലിറ്റി യിലെ പൊൻകുഴിയിൽ പുതിയ യുവജന ക്ലബ് രൂപീകരിച്ചു. ശ്രീ പ്രമോദ് സ്വാഗതം ആശംസിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ നീതിവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കൂട്ടായ്മക്ക് 'ശ്രീരാം ബോയ്സ്' എന്ന പേര് നൽകി. ശ്രീ പ്രമോദ് -പ്രസിഡന്റ്, ശ്രീ ബിജു- സെക്രട്ടറി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. സ്പോർട്സ് കിറ്റ് വിതരണം ചെയ്തു. ശ്രീ സുനിൽ നന്ദി പറഞ്ഞു. 20 പേർ പങ്കെടുത്തു.

## ചെതലയം



2022 ജൂലൈ 23 ന് ബത്തേരി മുനിസിപ്പാലിറ്റിയിലെ ചെതലയത്ത് പുതിയ യുവജന ക്ലബ് രൂപീകരിച്ചു. ശ്രീ രമേശ് സ്വാഗതം ആശംസിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ നീതിവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കൂട്ടായ്മക്ക് 'സ്റ്റാർ ബോയ്സ്' എന്ന പേര് നൽകി. ശ്രീ രതീഷ് -പ്രസിഡന്റ്, ശ്രീ സതീഷ്- സെക്രട്ടറി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. സ്പോർട്സ് കിറ്റ് വിതരണം ചെയ്തു. ശ്രീ രതീഷ് നന്ദി പറഞ്ഞു. 20 പേർ പങ്കെടുത്തു.

## കരിപ്പൂർ

2022 ജൂലൈ 25 ന് ബത്തേരി മുനിസിപ്പാലിറ്റിയിലെ കരിപ്പൂര് പുതിയ യുവജന ക്ലബ് രൂപീകരിച്ചു. ശ്രീ രാഹുൽ സ്വാഗതം ആശംസിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ നീതിവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കൂട്ടായ്മക്ക് 'ഫിനിക്സ് കരിപ്പൂർ' എന്ന പേര് നൽകി. ശ്രീ രാഹുൽ -പ്രസിഡന്റ്, ശ്രീ അരുൺ- സെക്രട്ടറി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. സ്പോർട്സ് കിറ്റ് വിതരണം ചെയ്തു. ശ്രീ വിപിൻ നന്ദി പറഞ്ഞു.




## പടിഞ്ഞാറെ കോളനി



2022 ആഗസ്റ്റ് മാസം 23 ന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറെ കോളനിയിൽ പുതിയ യുവജന സൗഹൃദ കൂട്ടായ്മ രൂപീകരിച്ചു. കോർ ടീം വോളന്റിയർ ശ്രീമതി സബിത ഏവരെയും സ്വാഗതം ചെയ്തു. നീതിവേദിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വൈത്തിരി താലൂക്ക് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ വിശദീകരിച്ചു. അനന്ദ കൃഷ്ണ പി.ജി., രഞ്ജിത്ത് ബാബു, വർഷ, ദിവ്യ എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. അനന്ദകൃഷ്ണ നന്ദി പറഞ്ഞു. 25 പേർ പങ്കെടുത്തു.

## കോൺവെന്റ്കുന്ന്



14.10.2022 ന് കോൺവെന്റ്കുന്ന് യുവജന സൗഹൃദ ക്ലബ്ബിന്റെ മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീ രാധേഷ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ശ്രീ ആനന്ദ് അദ്ധ്യക്ഷത വഹിച്ചു. ഗവൺമെന്റ് ജോലികളിൽ എത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് നീതിവേദി മാനന്തവാടി താലൂക്ക് കോർഡിനേറ്റർ ശ്രീ ഉനൈസ് സംസാരിച്ചു. നീതിവേദിയുടെ കീഴിൽ നടക്കുന്ന ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുന്നതിനായി പരിശീലനം നടത്താൻ തീരുമാനിച്ചു. ശ്രീ നിഖിൽ നന്ദി പറഞ്ഞു.

## വൃന്ദാവൻ

15.10.2022 ന് വൃന്ദാവൻ യുവജന സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീ നവീൻ എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡന്റ് ശ്രീ റോബിൻ അദ്ധ്യക്ഷത വഹിച്ചു. പഴയകാല പ്രവർത്തനങ്ങൾ ചർച്ചാവിധേയമാക്കി നീതിവേദിയുടെ വരുംകാല പ്രവർത്തനങ്ങളെകുറിച്ചും, യുവജന സൗഹൃദ കൂട്ടായ്മയുടെ പ്രാധാന്യത്തെകുറിച്ചും നീതിവേദി വൈത്തിരി താലൂക്ക് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ അവതരിപ്പിച്ചു. വരും ദിവസങ്ങളിൽ യുവജന കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ സജീവമാക്കുമെന്നും ക്ലബ്ബുകളുടെ പ്രാതിനിധ്യം കൂട്ടുമെന്നും തീരുമാനിച്ചു. 16 അംഗങ്ങൾ പങ്കെടുത്തു. ജോ. സെക്രട്ടറി സുബിൻ നന്ദി പറഞ്ഞു.



## പുതിയിടം



21.10.2022 ന് പുതിയിടം ക്ലബ്ബ് അംഗം സൗമ്യയുടെ വീട്ടിൽ വെച്ച് വാഗാബോണ്ട് യുവജന സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീ ഉനൈസ് സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റ് അനസ് അദ്ധ്യക്ഷത വഹിച്ചു. ക്ലബ്ബ് പ്രസിഡന്റായ സുജില സുബ്രഹ്മണ്യത്തിന്റെ കല്ല്യാണം മനോഹരമാക്കാൻ തീരുമാനിച്ചു. ടീം അംഗങ്ങളുടെ ഡാൻഡ്, സ്കിറ്റ്, ഗാനമേള തുടങ്ങിയവ നടത്താനും കല്ല്യാണം മുഴുവൻ ഏറ്റെടുത്ത് മനോഹരമാക്കാനും തീരുമാനിച്ചു. പ്രസിഡന്റ് ശ്രീമതി സുജില ഈ സ്നേഹത്തിന് ഊഷ്മളമായ നന്ദി പറഞ്ഞു.

## വട്ടക്കുണ്ട്



27.10.2022 ന് ചുണ്ടേൽ വട്ടക്കുണ്ട് കോളനിയിൽ വെച്ച് യുവജന സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീ ഷിജു സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ശ്രീ രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു. നീതിവേദിയുടെ വരും കാല പ്രവർത്തനങ്ങളെക്കുറിച്ച് വൈത്തിരി താലൂക്ക് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ അവതരിപ്പിച്ചു. വരും ദിവസങ്ങളിൽ ക്ലബ്ബുകൾ മുഖേനയുള്ള പ്രവർത്തനങ്ങൾ സജീവമാക്കുമെന്നും ക്ലബ്ബുകളുടെ പ്രാതിനിധ്യം കൂട്ടുമെന്നും അംഗങ്ങൾ പറഞ്ഞു. ശ്രീ മനു നന്ദി പറഞ്ഞു. 12 അംഗങ്ങൾ പങ്കെടുത്തു.

## യൂത്ത് ട്രെയിനിംഗ്





2022 ആഗസ്റ്റ് 25 ന് യുവജന സൗഹൃദ കൂട്ടായ്മയിലെ ഭാരവാഹികളുടെ യോഗം ചേർന്നു. ശ്രീമതി ഫ്ളൈസി ജോസ് സ്വാഗതം ആശംസിച്ചു. ക്ലബ്ബ് തല പ്രവർത്തന വിലയിരുത്തൽ നടത്തി. തുടർന്ന് നീതിവേദിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു വിശദീകരിച്ചു. ഓരോ ക്ലബ്ബിലെയും ഭാരവാഹികളുടെ ജില്ലാതല വാട്സ് ആപ്പ് ഗ്രൂപ്പ് ആക്റ്റീവ് ആക്കണമെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു.

എല്ലാ യുവജന ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടികൾ നടത്താൻ ധാരണയായി. ഒക്ടോബർ 23,24 തിയ്യതികളിൽ ദ്വിദിന ലീഡേഴ്സ് ട്രെയിനിംങ് നടത്താൻ തീരുമാനിച്ചു. യുവജന ക്ലബ്ബ് പ്രതിനിധികൾ പഞ്ചായത്ത് തല പീസ് കമ്മിറ്റിയിൽ അംഗങ്ങളായി സഹകരിക്കണമെന്ന് തീരുമാനിച്ചു. ജില്ലാ തലത്തിൽ ക്ലബ്ബ് അംഗങ്ങളുടെ യുവജന സംഗമവും ടൂർണ്ണമെന്റും നടത്താനും തീരുമാനിച്ചു. ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ പ്രവീൺ കുമാർ നന്ദി പറഞ്ഞു. 21 പേർ പങ്കെടുത്തു.

## സൗഹൃദം വളർത്തി വിദ്യാർത്ഥികൾ



## ആവയൽ

2022 ജൂലൈ മാസം 9-ാം തിയ്യതി ആവയൽ തണൽ മരം വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയിലെ അംഗങ്ങളിലൂടെ മീറ്റിംഗ് നടന്നു. ജോമോൻ ഷാജി സ്വാഗതം പറഞ്ഞു. അലൻ വി. എസ്. അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ശാരദാമണി ഉദ്ഘാടനം ചെയ്തു. അനീറ്റ നന്ദി പറഞ്ഞു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.



25.10.2022 ന് ആവയലിൽ വെച്ച് "തണൽ മരം" വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. ആൽവിൻ ഷാജി യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. ജോയൽ ജോഷി അദ്ധ്യക്ഷത വഹിച്ചു. 2022 നവംബർ മാസം 12-ാം തിയ്യതി നടത്താനുദ്ദേശിക്കുന്ന ശിശുദിനാഘോഷത്തെകുറിച്ച് ചർച്ച ചെയ്തു. ശ്രീമതി മിനി സാജു ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്സ് നൽകി. അലോണ സാം നന്ദി പറഞ്ഞു.

## രാരോത്ത്



2022 ജൂലൈ മാസം 11-ാം തിയ്യതി രാരോത്ത് വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. കുമാരി മഞ്ജു സ്വാഗതം പറഞ്ഞു. കുമാരി സജിത അദ്ധ്യക്ഷത വഹിച്ചു. കുമാരി സബിത നന്ദി പറഞ്ഞു. 13 പേർ പങ്കെടുത്തു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.

22.10.2022 ന് രാരോത്ത് വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. മഞ്ജു യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. സബിത അദ്ധ്യക്ഷത വഹിച്ചു. നവംബർ മാസം 12-ാം തിയ്യതി നടത്താനുദ്ദേശിക്കുന്ന ശിശുദിനാഘോഷത്തെ കുറിച്ച് വിശദീകരിച്ചു. ലഹരിയുടെ ഉപയോഗം കുട്ടികളിൽ വ്യാപകമാകുന്നത് സംബന്ധിച്ചും രക്ഷിതാക്കൾ ലഹരി ഉപയോഗം കുറയ്ക്കേണ്ടത് സംബ-ന്ധിച്ച് ശ്രീമതി മിനി സാജു ക്ലാസ്സ് എടുത്തു. വിദ്യാർത്ഥി കൂട്ടായ്മയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. നീതിവേദിയുടെ ക്യാമ്പുകളും, ആദിവാസി ദിനാചരണവുമെല്ലാം കുട്ടികളുടെ കഴിവുകൾ തെളിയിക്കാനുള്ള വേദികളും അവരുടെ കഴിവിനുള്ള പ്രോത്സാഹനങ്ങളുമാണെന്ന് മാതാപിതാക്കൾ അറിയിച്ചു. സജിത എല്ലാവർക്കും നന്ദി പറഞ്ഞു.



## ചന്തംചിറ

2022 ജൂലൈ 14 ന് ചന്തംചിറ വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. സനീഷ് സ്വാഗതം പറഞ്ഞു. മോഹനൻ അദ്ധ്യക്ഷത വഹിച്ചു. ബിനു നന്ദി പറഞ്ഞു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.

## അമ്പുകുത്തി

2022 ജൂലൈ 15 ന് അമ്പുകുത്തി വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. 39 കുട്ടികൾ മീറ്റിംഗിൽ പങ്കെടുത്തു.

2022 സെപ്റ്റംബർ 17 ന് അമ്പുകുത്തി അംഗൺവാടിയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി.



## വാര്യാട്കുന്ന്



2022 ജൂലൈ 16 ന് വാര്യാട്കുന്ന് വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ നേതൃത്വം നൽകി.



## വാറുമ്മൽക്കടവ്

2022 ജൂലൈ 16 ന് വാറുമ്മൽക്കടവ് വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീ അരുൺ നേതൃത്വം നൽകി.

## പന്തളം



2022 ജൂലൈ 16 ന് പന്തളം വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. നന്ദു സ്വാഗതം പറഞ്ഞു. രേഷ്മ അദ്ധ്യക്ഷത വഹിച്ചു. പഠനോപകരണങ്ങൾ വിതരണം ചെയ്തു. അഭിജിത്ത് നന്ദി പറഞ്ഞു. 15 കുട്ടികൾ പങ്കെടുത്തു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.

22.10.2022 ന് പന്തളം വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. അഭിജിത്ത് എല്ലാവരെയും സ്വാഗതം ചെയ്തു. രേഷ്മ അദ്ധ്യക്ഷയായിരുന്നു. ശിശുദിനത്തോടനുബന്ധിച്ച് നവംബർ മാസം 12-ാം തിയ്യതി നടത്താനിരിക്കുന്ന പരിപാടിയെ കുറിച്ച് ചർച്ച ചെയ്തു. നാടൻ പാട്ട് അവതരിപ്പിക്കേ കുട്ടികളെ തെരഞ്ഞെടുത്തു. ക്വിസ് മത്സരവും, കലാപരിപാടികളും കുട്ടികൾ അവതരിപ്പിച്ചു. ലഹരി ഉപയോഗവും അവയുടെ ദോഷങ്ങളും സംബന്ധിച്ചും, വ്യക്തി ശുചിത്വത്തെ കുറിച്ചും ശ്രീമതി മിനി സാജു ക്ലാസ്സ് എടുത്തു. രാധിക എല്ലാവർക്കും നന്ദി പറഞ്ഞു.



## എടപ്പെട്ടി

2022 ജൂലൈ 18 ന് എടപ്പെട്ടി വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടന്നു. പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ നേതൃത്വം നൽകി.

## ലൈഫ് ലൈൻ




2022 ജൂലൈ മാസം 23-ാം തിയ്യതി എ.പി.ജെ. നഗറിൽ വെച്ച് 'ലൈഫ് ലൈൻ' വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. നിയ റഹ്മ പ്രാർഥനാ ഗാനം ആലപിച്ചു. സെക്രട്ടറി ഷിനാസ് എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡന്റ് സായി കൃഷ്ണ അദ്ധ്യക്ഷത വഹിച്ചു. കൂട്ടായ്മയിലെ അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. സ്വാതന്ത്ര്യ ദിനം ആഘോഷിക്കാൻ തീരുമാനിച്ചു. ലിയാന ഫാത്തിമ എല്ലാവർക്കും നന്ദി പറഞ്ഞു. 28 കുട്ടികൾ പങ്കെടുത്തു.

24.10.2022 ന് എ.പി.ജെ. നഗറിൽ വെച്ച് "ലൈഫ് ലൈൻ" വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ മീറ്റിംഗ് നടന്നു. മിൻഹ ഫാത്തിമ എല്ലാവരെയും സ്വാഗതം ചെയ്തു. 2022 നവംബർ മാസം 12-ാം തിയ്യതി നടത്താനുദ്ദേശിക്കുന്ന ശിശുദിനാഘോഷത്തെകുറിച്ച് ചർച്ച ചെയ്തു. നാടൻ പാട്ട് പാടുന്നതിനായുള്ള ടീമിനെയും, ക്വിസ് മത്സരത്തിലേക്കുള്ള കുട്ടികളെയും തിരഞ്ഞെടുത്തു. ഫാൻസി ഡ്രസ്സ് അവതരിപ്പിക്കുന്നവരുടെ ലിസ്റ്റ് നൽകണമെന്ന് പറഞ്ഞു. ലഹരിക്കെതിരെയുള്ള സ്കിറ്റ് തയ്യാറാക്കി അടുത്ത മീറ്റിംഗിന് അവതരിപ്പിക്കാമെന്ന് അംഗങ്ങൾ പറഞ്ഞു. അക്ഷര എല്ലാവർക്കും നന്ദി പറഞ്ഞു. 12 പേർ പങ്കെടുത്തു.



## റാട്ടക്കൊല്ലി

2022 ജൂലൈ 23 ന് റാട്ടക്കൊല്ലി അംഗൺവാടിയിൽ വെച്ച് ഹാർമണി ക്ലബ് കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ലഹരി വിമുക്ത കൗമാരം എന്ന വിഷയത്തെ സംബന്ധിച്ച് ശ്രീമതി വൽസ ദേവസ്യ ക്ലാസ്സ് എടുത്തു. 40 കുട്ടികൾ പങ്കെടുത്തു.

## കുട്ടമംഗലം

2022 ജൂലൈ 23 ന് കുട്ടമംഗലം അംങ്കണവാടിയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ രൂപീകരിച്ചു. ശ്രീമതി റോസമ്മ ടീച്ചർ സ്വാഗതം പറഞ്ഞു. 30 കുട്ടികൾ ഗ്രൂപ്പിൽ അംഗങ്ങളായി ചേർന്നു. പ്രസിഡന്റായി ജാസ്മിനെയും, സെക്രട്ടറിയായി അമൃതയെയും തിരഞ്ഞെടുത്തു, എല്ലാമാസവും മീറ്റിംഗ് ചേരണമെന്നും എല്ലാ അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണമെന്നും കുട്ടികൾക്ക് നിർദ്ദേശം നൽകി. സെക്രട്ടറി അമൃത എല്ലാവർക്കും നന്ദി പറഞ്ഞു.



## കൊല്ലിവയൽ



2022 സെപ്റ്റംബർ 17 ന് കൊല്ലിവയൽ അംഗൺവാടിയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി.





## പൂമ്പാറ്റ

15.10.2022 ന് പൂമ്പാറ്റ വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയിലെ അംഗങ്ങൾക്കായി ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. മീനങ്ങാടി പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ ഉദയകുമാർ ഉദ്ഘാടനം നടത്തി. വാർഡ് മെമ്പർ ഷിജു അദ്ധ്യക്ഷത വഹിച്ചു. Magic for India foundation പ്രതിനിധി സുജിത്ത് കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി.

ലഹരിയ്ക്കെതിരെ കുട്ടികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, ലഹരി ഉപയോഗം സമൂഹത്തിൽ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് നീതിവേദി സ്റ്റാഫ്, എസ്.സി.പി.ഒ. ശ്രീ ബിജു എന്നിവർ ക്ലാസ്സ് നയിച്ചു. കുട്ടികൾ ലഹരി ഉപയോഗിക്കില്ല എന്ന പ്രതിജ്ഞയിലൂടെ സമൂഹത്തിൽ മാറ്റമുണ്ടാകട്ടെ എന്നും ക്ലാസ്സിലൂടെ അറിയിച്ചു.

## സ്വാതന്ത്ര്യദിനാഘോഷം

2022 ആഗസ്റ്റ് 15 ന് വേങ്ങൂർ സാംസ്ക്കാരിക നിലയത്തിൽ വെച്ച് സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വാർഡ് മെമ്പർ ശ്രീ ടി പി ഷിജു പതാക ഉയർത്തി. എഡിഎസ് ശ്രീമതി ഷിജി സ്വാഗതം ആശംസിച്ചു. എഡിഎസ് ശ്രീമതി കമല അദ്ധ്യക്ഷത വഹിച്ചു യോഗം മുതിർന്ന അംഗം ശ്രീ ചിന്നൻ ഉദ്ഘാടനം ചെയ്തു. റിട്ടയേർഡ് സരസ്വതി ടീച്ചർ സ്വാതന്ത്ര്യദിന സന്ദേശം നൽകി. അംഗൻവാടി ടീച്ചർമാരായ ശ്രീമതി ബേബി, ശ്രീമതി ശാന്ത എന്നിവർ ആശംസകൾ നേർന്നു. എഡിഎസ് പ്രസിഡന്റ് ശ്രീമതി ജീജ നന്ദി പറഞ്ഞു. 55 പേര് പങ്കെടുത്തു.







2022 ആഗസ്റ്റ് 15 ന് 'ലൈഫ് ലൈൻ' വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ കമ്പളക്കാട് എ.പി.ജെ. നഗറിൽ വെച്ച് സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. സെക്രട്ടറി ഷിനാസ് എല്ലാവരെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. പ്രസിഡന്റ് സായി കൃഷ്ണ അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള പാട്ടുകൾ പാടി. ജോയിന്റ് സെക്രട്ടറി ഫിദ ഫാത്തിമ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി പറഞ്ഞു. 29 കുട്ടികളും 'Awesome Blossom' വനിതാ സൗഹൃദ കൂട്ടായ്മയിലെ അംഗങ്ങളും പങ്കെടുത്തു.

## ആദിവാസി വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികൾക്കായി ക്യാമ്പ്



2022 സെപ്റ്റംബർ 5,6 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. ചന്തംചിറ കോളനിയിലെ മോഹനനും കൂട്ടുകാരും നാടൻ പാട്ടുകൾ പഠിപ്പിച്ചു. വിവിധ ഗെയിമുകൾ നടത്തി. വിജിത ചന്തംചിറ നേതൃത്വം നൽകി. ആദിവാസി വിദ്യാഭ്യാസം സംബന്ധിച്ച സംവാദ പരിപാടി സംഘടിപ്പിച്ചു.

ആദിവാസി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ശ്രീമതി ഫ്ളയ്സി ജോസ് ക്ലാസ്സുകൾ നൽകി. വൈകുന്നേരം കുട്ടികളുടെ കലാസന്ധ്യ അവതരിപ്പിച്ചു. സെപ്റ്റംബർ 6-ാം തിയതി നീതിവേദി സ്റ്റാഫ് അംഗങ്ങളുടെയും കുട്ടികളുടെയും ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. തുടർന്ന് ഓണസദ്യയും നൽകി.




# പീസ് കമ്മറ്റി

## കണിയാമ്പറ്റ




2022 ജൂലൈ 13 ന് കണിയാമ്പറ്റ പഞ്ചായത്തിലെ കുടുംബശ്രീ ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി അംഗമായിരുന്ന ശ്രീ ശശിയുടെ നിര്യാണത്തിൽ യോഗം അനുശോചനം അറിയിച്ചു. കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ ജോർജ് അദ്ധ്യക്ഷത വഹിച്ചു. പ്രവർത്തന റിപ്പോർട്ട് ശ്രീമതി വൽസ ദേവസ്യ അവതരിപ്പിച്ചു. ആദിവാസി ദിനാചരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ പീസ് ഫോറം കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ വിശദീകരിച്ചു. കോർ ടീം അംഗം ശ്രീമതി സബിത നന്ദി പറഞ്ഞു. യോഗത്തിൽ 20 പേര് പങ്കെടുത്തു.

18.10.2022 ന് കണിയാമ്പറ്റ പഞ്ചായത്തിൽ വെച്ച് പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. കൺവീനർ ശ്രീ അബ്ദുൾ ലത്തീഫ് സ്വാഗതം പറഞ്ഞു. ചെയർമാൻ ശ്രീ ജോർജ്ജ് അദ്ധ്യക്ഷതവഹിച്ചു. എക്സിക്യൂട്ടീവ് അംഗം ശ്രീ നജീബ് ആശംസകൾ പറഞ്ഞു. ലീഗൽ ക്ലിനിക്കിന്റെയും കലാസംഘത്തിന്റെ പരിപാടി നടത്തുന്നിനെകുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു. പഞ്ചായത്തിൽ വെച്ച് കലാസംഘത്തിന്റെ പരിപാടി നടത്താൻ തീരുമാനിച്ചു. ആദിവാസി ആഘോഷത്തെകുറിച്ച് സംസാരിച്ചു. ലീഗൽ ക്ലിനിക്ക് പരാതി ഉള്ളവരുടെ പേര് ലിസ്റ്റാക്കി തരാൻ ആവശ്യപ്പെട്ടു. പഴയതും പുതിയതുമായ തർക്കവിഷയങ്ങളെകുറിച്ച് ചർച്ച ചെയ്തു. ശ്രീമതി വത്സ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. കോർ ടീം അംഗം ശ്രീമതി സബിത എല്ലാവർക്കും നന്ദി പറഞ്ഞു. 20 അംഗങ്ങൾ പങ്കെടുത്തു.

## നൂൽപ്പുഴ

2022 ജൂലൈ 18 ന് നൂൽപ്പുഴ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി അഖില സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ സന്തോഷ് അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ ആദിവാസി ദിനാചരണത്തെക്കുറിച്ചും, ഇടപെട്ട തർക്കവിഷയങ്ങളെ സംബന്ധിച്ചും വിശദീകരിച്ചു. യൂത്ത് ക്ലബ് രൂപീകരിക്കാൻ തീരുമാനിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് മിനി സാജു നന്ദി പറഞ്ഞു. 15 പേർ പങ്കെടുത്തു.




## ബത്തേരി





2022 ജൂലൈ 19 ന് ബത്തേരി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് മുനിസിപ്പാലിറ്റി ഹാളിൽ വെച്ച് നടന്നു. പീസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി എലിസബത്ത് ടീച്ചർ സ്വാഗതം ആശംസിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ ആദിവാസി ദിനാചരണത്തെക്കുറിച്ച് വിശദീകരിച്ചു. ആദിവാസി മേഖലയിലെ മദ്യപാനം സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. നീതിവേദി ഫീൽഡ് സ്റ്റാഫ് മിനി സാജു നന്ദി പറഞ്ഞു. 44 പേർ പങ്കെടുത്തു.





## കോട്ടത്തറ

2022 ജൂലൈ 22 ന് കോട്ടത്തറ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. നീതിവേദി കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ സ്വാഗതം പറഞ്ഞു. പീസ് കമ്മറ്റി വൈസ് ചെയർമാൻ ശ്രീ മുഹമ്മദാലി അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. നീതിവേദി കോർഡിനേറ്റർ നീതിവേദിയുടെ പ്രവർത്തനങ്ങളും ആദിവാസി ദിനാചരണത്തെക്കുറിച്ചും വിശദീകരിച്ചു. പീസി കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ബിജുമ്മ നന്ദി പറഞ്ഞു.

## പൂതാടി

2022 ജൂലൈ 22 ന് പൂതാടി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി കൺവീനർ ശ്രീമതി റീത്ത സ്റ്റാൻലി സ്വാഗതം പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേഴ്സി അദ്ധ്യക്ഷത വഹിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ നീതിവേദിയുടെ പ്രവർത്തനങ്ങളും ആദിവാസി ദിനാചരണത്തെക്കുറിച്ചും വിശദീകരിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് മിനി സാജു നന്ദി പറഞ്ഞു. 15 പേർ പങ്കെടുത്തു.



15.10.2022 ന് പൂതാടി പഞ്ചായത്ത് പീസ് കമ്മിറ്റി യോഗം ചേർന്നതിൽ പീസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ ഷാന്റി അദ്ധ്യക്ഷത വഹിച്ചു. കോർ ടീം അംഗം റീത്ത സ്വാഗതം ആശംസിച്ചു. നീതിവേദി സ്റ്റാഫ് കഴിഞ്ഞ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണം നടത്തി. നിലവിലുള്ള തർക്ക വിഷയങ്ങൾ സംബന്ധിച്ചും , ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും അറിയിച്ചു. ലീഗൽ ക്ലിനിക്ക്, ലഹരിവിരുദ്ധ ക്ലാസ്സ്, വനിതാ-യുവജന-വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി നടത്തിയ ഇടപെടൽ തുടങ്ങിയ നീതിവേദിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുമുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

പഞ്ചായത്ത് മെമ്പർമാരായ, രുഗ്മിണി സുബ്രഹ്മണ്യൻ, മിനി ശശി, പ്രകാശൻ, രാജൻ, സ്മിത, പീസ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ നീതിവേദിയുടെ പ്രവർത്തനത്തിന് പിന്തുണ നൽകി. പീസ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനാും വേണ്ടക്രമീകരണം ചെയ്തു. ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ്സ്, ലീഗൽ ക്ലിനിക്ക്, ആദിവാസി വിഭാഗത്തിന്റെ ഒരു ആഘോഷം എന്നിവ നീതിവേദി ഓഫീസുമായി ചർച്ച ചെയ്ത് ദിവസവും സമയവും തീരുമാനിക്കാമെന്ന് ധാരണയായി. നിലവിൽ സഹകരിക്കുന്നവരും എല്ലാ വാർഡിൽ നിന്നും പൊതുപ്രവർത്തന സന്നദ്ധതയുള്ള ഓരോ അംഗത്തെയും, പ്രൊമോട്ടർ പ്രതിനിധിയെയും, സി.ഡി.എസ്. പ്രതിനിധിയെയും, മെമ്പർമാരെയും ഉൾക്കൊള്ളിച്ച് പുനഃസംഘടിപ്പിച്ച് പ്രവർത്തനം സുഗമമാക്കുന്നതിനും തീരുമാനിച്ചു. ശ്രീമതി സാജിറ നന്ദി പറഞ്ഞു.

## മുള്ളൻകൊല്ലി



2022 ജൂലൈ 26 ന് മുള്ളൻകൊല്ലി പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ ജോസ് സ്വാഗതം പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലില്ലി അദ്ധ്യക്ഷത വഹിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ പ്രവീൺകുമാർ ആദിവാസി ദിനാചരണത്തെക്കുറിച്ച് വിശദീകരിച്ചു. പീസ് കമ്മറ്റി കൺവീനർ ശ്രീ ചന്ദ്രബാബു നന്ദി പറഞ്ഞു.

## മീനങ്ങാടി



2022 ആഗസ്റ്റ് മാസം 1-ാം തിയതി മീനങ്ങാടി പഞ്ചായത്തിൽ വെച്ച് ആദിവാസി ദിനാചരണവുമായി ബന്ധപ്പെട്ട് പീസ് കമ്മറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ അദ്ധ്യക്ഷത വഹിച്ചു. പീസ് കമ്മറ്റി കൺവീനർ ശ്രീ ശശി, പഞ്ചായത്ത് മെമ്പർമാർ, എസ് ടി പ്രൊമോട്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

12.10.2022 ന് മീനങ്ങാടി ഗ്രാമപഞ്ചായത്ത് പീസ് കമ്മിറ്റിയോഗം നടന്നു. കൺവീനർ ശ്രീ ശശി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ശ്രീ ബേബി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.ഇ. വിനയൻ ഉദ്ഘാടനം ചെയ്തു. നീതിവേദിയുടെ പ്രവർത്തനം മാതൃകാപരമാണെന്നും, അന്തർ ദേശീയ ആദിവാസി ദിനാചരണ പരിപാടി മികവാക്കിയത് സംബന്ധിച്ചും ശ്രീ കെ.ഇ. വിനയൻ സംസാരിച്ചു. തുടർന്നും ഭരണ സമിതിയുടെ എല്ലാ സഹകരണങ്ങളും ഉണ്ടാകുമെന്നും അറിയിച്ചു. ഭരണ സമിതി അംഗങ്ങൾ ശ്രീമതി ഉഷ രാജേന്ദ്രൻ, ശ്രീമതി നുസ്രത്ത്, ശ്രീ വേണുഗോപാൽ, ഊര് മൂപ്പൻ ശ്രീ നൂഞ്ചൻ, കോർ ടീം അംഗങ്ങൾ, പീസ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ തുടർന്നുള്ള പരിപാടികളെ സംബന്ധിച്ച് ചർച്ച ചെയ്തു. കഴിഞ്ഞ പീസ് കമ്മിറ്റി പ്രവർത്തന റിപ്പോർട്ട് ശ്രീമതി മിനി സാജു അവതരിപ്പിച്ചു.



ഭാവികാര്യങ്ങൾ, തർക്കവിഷയങ്ങൾ എന്നി-വയിൽ പീസ് കമ്മിറ്റി ഇടപെടേണ്ടതായവ തിട്ടപ്പെടുത്തുകയും, ലഹരിക്കെതിരെ 10 വയസ്സ് മുതൽ 20 വയസ്സ് വരെയുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നതിന് ഓഫീസുമായി ആലോചിച്ച് തിയ്യതി നിശ്ചയിക്കുവാനും തീരുമാനിച്ചു. ലീഗൽ ക്ലിനിക്ക് സംബന്ധിച്ച് ചർച്ച നടത്തുകയും എല്ലാവരുടെയും സഹകരണവും ഉറപ്പ് വരുത്തി. ശ്രീമതി. സിന്ധു നന്ദി പറഞ്ഞു.

## അമ്പലവയൽ





14.10.2022 ന് അമ്പലവയൽ പീസ് കമ്മിറ്റി യോഗം ചേർന്നു. യോഗത്തിൽ കോർ ടീം മെമ്പർ ശ്രീമതി വത്സ തങ്കച്ചൻ സ്വാഗതം പറഞ്ഞു. പീസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ നജീഷ് അദ്ധ്യക്ഷത വഹിച്ചു. അമ്പലവയൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കെ. ഷമീർ ഉദ്ഘാടനം ചെയ്തു. പീസ് കമ്മിറ്റിയുടെ ഇടപെടലിലൂടെ കുറേയേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു എന്നും കുടുംബ വിഷയങ്ങളിലും, തർക്ക വിഷയങ്ങളിലും പീസ് കമ്മിറ്റിയുടെ ഇടപെടൽ ഗുണം ചെയ്യുന്നതായും ശ്രീ കെ. ഷമീർ പറഞ്ഞു.

ആദിവാസി ദിനാഘോഷം അവലോകനം നടത്തുകയും, ലീഗൽ ക്ലിനിക്, ആദിവാസി ആഘോഷം എന്നിവ സംഘടിപ്പിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നീതിവേദിയുടെ പ്രവർത്തനങ്ങളെകുറിച്ചും, പഞ്ചായത്ത് പരിധിയിൽ ഇടപെട്ട തർക്കവിഷയങ്ങളെകുറിച്ചും വിശദീകരിച്ചു. ശ്രീമതി സിന്ധു. നന്ദി പറഞ്ഞു.



## കൽപ്പറ്റ

17.10.2022 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ വെച്ച് പീസ് കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. ചെയർമാൻ അഡ്വ. മുസ്തഫ സ്വാഗതം പറഞ്ഞു. ശ്രീമതി വത്സ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. പഴയതും പുതിയതുമായ തർക്കവിഷയങ്ങൾ അവതരിപ്പിച്ചു. ലീഗൽ ക്ലിനിക് വെക്കുന്ന കാര്യം സംസാരിച്ചു. കോർ ടീം അംഗം ശ്രീമതി ഷേർളി നന്ദി പറഞ്ഞു. 13 അംഗങ്ങൾ പങ്കെടുത്തു.

## വെള്ളമുണ്ട





25.10.2022 ന് വെള്ളമുണ്ട പീസ് കമ്മിറ്റി യോഗം ചേർന്നു. യോഗത്തിൽ പീസ് കമ്മിറ്റി കൺവീനർ ശ്രീ അമ്മദ് സ്വാഗതം പറഞ്ഞു. ചെയർപേഴ്സൺ ശ്രീമതി സുധി രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. മൂന്ന് മാസത്തിനുള്ളിൽ പീസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തൽ നടത്തി.

നീതിവേദിയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമാണെന്ന് ആശംസപ്രസംഗത്തിലൂടെ ബ്ലോക്ക് മെമ്പർ ശ്രീ അമീർ പറഞ്ഞു. മാനന്തവാടി താലൂക്ക് കോർഡിനേറ്റർ ശ്രീ ഉനൈസ് നീതിവേദിയുടെ പ്രവർത്തനങ്ങളെകുറിച്ച് വിശദീകരിച്ചു. ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ വെള്ളമുണ്ട പഞ്ചായത്ത് പരിധിയിൽ ഇടപെട്ട തർക്കവിഷയങ്ങളെ കുറിച്ച് അവതരിപ്പിച്ചു. വാർഡുകൾ കേന്ദ്രീകരിച്ച് നീതിവേദി ഇടപെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ നൽകണമെന്ന് എല്ലാ അംഗങ്ങളും അഭിപ്രായപ്പെട്ടു. 30 പേർ പങ്കെടുത്തു. കോർ ടീം അംഗം ശ്രീമതി ഷൈജി നന്ദി പറഞ്ഞു.





## എടവക

26.10.2022 എടവക പഞ്ചായത്ത് പീസ് കമ്മിറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദുലേഖ എല്ലാവരെയും സ്വാഗതം ചെയ്തു. ചെയർമാൻ ശ്രീ ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എടവക പഞ്ചായത്തിൽ ഇടപെടൽ നടത്തിയ തർക്കവിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്തു. ഇപ്പോൾ നിലവിലുള്ള കമ്മിറ്റി പുതുക്കി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനെ കുറിച്ച് ചിന്തിക്കണമെന്ന് ചെയർമാൻ അഭിപ്രായ പ്പെട്ടു. എല്ലാവരും ഈ അഭിപ്രായത്തോട് യോജിച്ചതിനാൽ പുതിയ ഭാരവാഹികളായി ശ്രീ ബാലകൃഷ്ണൻ (ചെയർമാൻ), ശ്രീമതി സഫീറ (വൈസ് ചെയർപേഴ്സൺ), ശ്രീമതി ഗിരിജ സുധാകരൻ (കൺവീനർ), ശ്രീമതി ലിസി (ജോ. കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു. പുതിയ കോർ ടീം അംഗങ്ങളായി ശ്രീ സുനീർ, ശ്രീമതി സിനിമോൾ എന്നിവരെ തിരഞ്ഞെടുത്തു. മാനന്തവാടി താലൂക്ക് കോർഡിനേറ്റർ ശ്രീ ഉനൈസ് നീതിവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പുതിയ കമ്മിറ്റി നല്ലരീതിയിൽ പ്രവർത്തിക്കണമെന്ന് കൺവീനർ പറഞ്ഞു. 40 പേർ പങ്കെടുത്തു. കോർ ടീം അംഗം ശ്രീമതി സിനിമോൾ എല്ലാവർക്കും നന്ദി പറഞ്ഞു.

## പൊഴുതന

28.10.2022 ന് പൊഴുതന ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടന്ന പീസ് കമ്മിറ്റി യോഗത്തിൽ കോർ ടീം അംഗം ശ്രീ ജോൺ സ്വാഗതം പറഞ്ഞു. ശ്രീ മണി അദ്ധ്യക്ഷ സ്ഥാനം വഹിച്ചു. തർക്കവിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്തു. വൈത്തിരി താലൂക്ക് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ അംഗങ്ങളോട് വരും ദിവസങ്ങളിലെ പദ്ധതികളെ കുറിച്ച് ചർച്ച ചെയ്തു. സുഗന്ധഗിരി മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് ചർച്ചയിൽ ശ്രീ വിജയൻ ഊന്നി പറഞ്ഞു. യൂത്ത് ക്ലബ്ബ് ജോ. സെക്രട്ടറി ശ്രീ സുബിൻ യോഗത്തിൽ നന്ദി പറഞ്ഞു. 15 പേർ പങ്കെടുത്തു.



## നെൻമേനി



28.10.2022 ന് നെൻമേനി പഞ്ചായത്ത് പീസ് കമ്മിറ്റിയുടെ യോഗം കുടുംബശ്രീ ഹാളിൽ വെച്ച് ചേർന്നു. കോർ ടീം അംഗം ശ്രീമതി സുജാത സ്വാഗതം പറഞ്ഞു. കൺവീനർ ശ്രീമതി സാവിത്രിയമ്മ അദ്ധ്യക്ഷത വഹിച്ചു. നെൻമേനി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല പുഞ്ചവയൽ ഉദ്ഘാടന പ്രസംഗത്തിലൂടെ നീതിവേദിയുടെ ഇടപെടൽ മൂലം സമൂഹത്തിന് ലഭിച്ച ഗുണങ്ങളെക്കുറിച്ച് സംസാരിച്ചു.

പീസ് കമ്മിറ്റിയുടെ മുൻ പ്രവർത്തനങ്ങളെയും ഭാവി പ്രവർത്തനങ്ങളെകുറിച്ചും ശ്രീമതി മിനി സാജു വിശദീകരിച്ചു. പീസ് കമ്മിറ്റി മീറ്റിംഗിൽ പഴയ അംഗങ്ങൾ ആരും തന്നെ പങ്കെടുക്കാത്തതിനാൽ വന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാർഡിൽ നിന്നും ഒരാൾ വെച്ച് സന്നദ്ധസേവനത്തിന് തയ്യാറായ വ്യക്തികളെ തിരഞ്ഞെടുത്ത് പീസ് കമ്മിറ്റിയിൽ അംഗമാക്കുന്നതിനായി 2022 നവംബർ മാസം 10-ാം തിയ്യതിക്ക് മുമ്പ് അടിയന്തര യോഗം ചേരാൻ ധാരണയായി. ലീഗൽ ക്ലിനിക്, ഒരു ആദിവാസി ആഘോഷം എന്നിവ നടത്തുന്നതിന് നീതിവേദി ഓഫീസുമായി ചർച്ച ചെയ്ത് തിയ്യതി തീരുമാനിക്കാൻ ധാരണയായി. പുതിയ പ്രസിഡന്റായി ശ്രീമതി സുഷമയെ തിരഞ്ഞെടുത്തു. ബാക്കി ഭാരവാഹികളെ അടുത്ത മീറ്റിംഗിൽ തിരഞ്ഞെടുക്കാമെന്ന് തീരുമാനിച്ചു. ശ്രീമതി സുഷമ നന്ദി പറഞ്ഞു.

## മുട്ടിൽ



29.10.2022 ന് മുട്ടിൽ പഞ്ചായത്ത് പീസ് കമ്മിറ്റി റിവ്യൂ മീറ്റിംഗ് നടന്നു. ശ്രീമതി രാജി മെമ്പർ എല്ലാവരെയും സ്വാഗതം ചെയ്തു. ചെയർമാൻ ശ്രീ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് നസീമ യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി വത്സ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ തർക്കവിഷയങ്ങളും പഴയ തർക്കവിഷയങ്ങളും മീറ്റിംഗിൽ അവതരിപ്പിച്ചു. പുതിയ കോർ ടീം മെമ്പർ ആയ ശ്രീമതി കവിതയെ പരിചയപ്പെടുത്തി. ശ്രീമതി കവിത എല്ലാവർക്കും നന്ദി പറഞ്ഞു.

# ആദിവാസി ദിനം



നീതിവേദിയുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ പീസ് കമ്മറ്റികളുടെ സഹകരണത്തോടെ മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ആഗസ്റ്റ് 9-ാം തിയതി ആദിവാസി ദിനാചരണം സുൽത്താൻ ബത്തേരി എം എൽ എ ശ്രീ ഐ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി അറുനൂറോളം പേർ പങ്കെടുത്തു. സംഘാടക സമിതി ചെയർമാൻ ശ്രീ വി ടി കുമാർ അദ്ധ്യക്ഷനായിരുന്നു.

വയനാട് എം പി ശ്രീ രാഹുൽ ഗാന്ധിയുടെ ആദിവാസി ദിന സന്ദേശം സമ്മേളനത്തിൽ വായിച്ചു. ശ്രീ ടി സിദ്ദിഖ് എം എൽ എ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സംഷാദ് മരക്കാർ, ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ അസൈനാർ, മീനങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ എന്നിവർ ആശംസകൾ നേർന്നു. വയനാട് ജില്ലയിൽ നിന്നും വിശിഷ്ട സംഭാവനകൾ നൽകിയ ആദിവാസി പ്രമുഖരെ ആദരിച്ചു.

ആദിവാസി ദിനാചരണത്തിന്റെ ഭാഗമായി പണിയ സമുദായത്തിന്റെ ആചാരങ്ങളും ചടങ്ങുകളും സംബന്ധിച്ച് തയ്യാറാക്കിയ 'ക്നാതിക' എന്ന ഡോക്യുമെന്ററി പ്രകാശനം ചെയ്ത് പ്രദർശിപ്പിച്ചു. ആദിവാസി വിദ്യാഭ്യാസ-വികസന-സാംസ്ക്കാരിക പ്രതിസന്ധി സംബന്ധിച്ച സിമ്പോസിയത്തിന് ഡോ.തോമസ് ജോസഫ് മോഡറേറ്ററായിരുന്നു. ഡോ.നാരായണൻ, ശ്രീമതി ചിത്ര നിലമ്പൂർ, ശ്രീ വിനു കിടച്ചുലൻ, ശ്രീ രാജേഷ് അഞ്ചിലൻ എന്നിവർ വിഷയാവതരണം നടത്തി.

ഗോത്രകവിയരങ്ങിൽ വിവിധ ആദിവാസി സമുദായങ്ങളിൽപ്പെട്ട ഏഴു പേർ തനതുഭാഷകളിൽ സ്വന്തമായി രചിച്ച കവിതകൾ അവതരിപ്പിച്ചു. തുടർന്ന് വട്ടക്കളി, ഗോത്രനാടൻ പാട്ടുകൾ, ജനമൈത്രി പോലീസിന്റെ 'നമ്മ മക്ക' വീഡിയോയും അവതരിപ്പിച്ചു.



## നീതിവേദി സന്ദർശനം

2022 ആഗസ്റ്റ് 12 ന് എസ് സി എൻ ബാംഗ്ലൂർ പ്രൊവിൻസ് പ്രൊവിൻഷ്യാൾ സി. നിമ്മി നീതിവേദി സന്ദർശിച്ചു. നീതിവേദിയും എസ് സി എൻ കൊളാബറേഷൻ മിനിസ്ട്രിയു മായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, അഡ്വ. ഫാ. തോമസ് ജോസഫ് തേരകം, അഡ്വ.മരിയ, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ പങ്കെടുത്തു.

## കേരള കർഷക അതി ജീവന സംരക്ഷണ സമിതി

2022 ആഗസ്റ്റ് 17 ചിങ്ങം 1 - കർഷക ദിനത്തിന്റെ ഭാഗമായി കേരള കർഷക അതി ജീവന സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ കളക്ടറേറ്റിന് മുന്നിൽ നടന്ന പ്രതിഷേധക്കൂട്ടായ്മയിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ. ഫാ. തോമസ് ജോസഫ് തേരകം എന്നിവർ പങ്കെടുത്തു.

## കോർ ടീം





2022 ആഗസ്റ്റ് 27 ന് പഞ്ചായത്ത് തല കോർ ടീം വോളന്റിയർമാരുടെ യോഗം ചേർന്നു. ശ്രീമതി ഫ്ളൈസി ജോസ് സ്വാഗതം പറഞ്ഞു. പഞ്ചായത്ത് തല പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്ന് നീതിവേദിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു വിശദീകരിച്ചു. ചില പഞ്ചായത്തുകളിൽ പീസ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു. പഞ്ചായത്ത് തലത്തിൽ ആദിവാസി സമുദായങ്ങളിലെ വിവിധ ആഘോഷങ്ങളിൽ ഏതെങ്കിലും ഒന്നും, മത സൗഹാർദ്ദ കൂട്ടായ്മയും നടത്താനും ധാരണയായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കൾച്ചറൽ ട്രൂപ്പ് രൂപീകരിക്കാൻ തീരുമാനിച്ചു. ഓരോ പഞ്ചായത്തിലും ഒരു ലീഗൽ ക്ലിനിക്കും തുടർന്ന് ജനുവരി മാസത്തോടെ ജില്ലാതല ഉദ്യോഗസ്ഥൻമാരുമായുള്ള മുഖാമുഖം പരിപാടിയും നടത്താൻ തീരുമാനിച്ചു. കോർ ടീം അംഗങ്ങൾക്ക് നീതിവേദിയുടെ ഐഡന്റിറ്റി കാർഡ് വേണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. വൈത്തിരി താലൂക്ക് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നന്ദി പറഞ്ഞു. 23 പേർ പങ്കെടുത്തു.




2022 സെപ്റ്റംബർ മാസം 20,21 തിയ്യതികളിൽ മീനങ്ങാടി ഓയിസ്കയിൽ വെച്ച് പഞ്ചായത്ത് തല കോർ ടീം വോളന്റിയർമാരുടെ പരിശീലന പരിപാടി സംഘടിപ്പിച്ചു. മീഡിയേഷൻ ശ്രവണകല എന്നിവ സംബന്ധിച്ച് അഡ്വ. ജോമോൾ ജോയി ക്ലാസ്സ് നയിച്ചു. ഇവ സംബന്ധിച്ച് പ്രാക്ടിക്കൽ സെക്ഷൻ ഗ്രൂപ്പ് തിരിച്ചു നടത്തി. രണ്ട് പേർ വീതം നടത്തിയ പേഴ്സണൽ ഷെയറിംങ് ഏറെ നന്നായിരുന്നു. എല്ലാവരും മനസ് തുറന്ന് അവരുടെ ദുഃഖങ്ങൾ പങ്കുവെച്ചു. പലർക്കും ഇതൊരു നല്ല അനുഭവമായിരുന്നു എന്ന് പങ്കുവെച്ചു. വൈകുന്നേരം വിവിധ കലാപരിപാടികൾ നടത്തി. കോർ ടീം വോളന്റിയർമാരുടെ ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു വിശദീകരിച്ചു. തുടർന്ന് ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച പ്ലാനിംങ് നടത്തി. വിവിധ പഞ്ചായത്തുകളിൽ നിന്നായി 34 പേർ പങ്കെടുത്തു.

## സബ് കമ്മിറ്റി മീറ്റിംഗ്



2022 സെപ്റ്റംബർ മാസം 29-ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് നടന്ന സബ് കമ്മിറ്റി മീറ്റിംഗിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി മായ എസ്. പണിക്കർ, അഡ്വ. മരിയ, ജ്വാല ജില്ലാ കോർഡിനേറ്റർ ശ്രീമതി. ലില്ലി തോമസ്, പഞ്ചായത്ത് ജനപ്രതിനിധികൾ, അങ്കൺവാടി ടീച്ചർമാർ എന്നിവർ പങ്കെടുത്തു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി. മിനി സാജു സ്വാഗതം എല്ലാവരെയും സ്വാഗതം ചെയ്തു.

നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ലഹരിയും അതിനടിമപ്പെടുന്ന യുവത്വങ്ങളെപ്പറ്റിയും അതിനായി എടുക്കേണ്ട മുൻകരുതലുകളെപ്പറ്റിയും ചർച്ച ചെയ്തു. അംഗൺവാടി ടീച്ചർ ശ്രീമതി റുഖിയ എല്ലാവർക്കും നന്ദി പറഞ്ഞു.


## ഗവേർണിംഗ് ബോഡി

20212 ഒക്ടോബർ മാസം 27-ാം തിയ്യതി ഉച്ചകഴിഞ്ഞ് നീതിവേദി ഗവേർണിംഗ് ബോഡി അംഗങ്ങളുടെ യോഗം നടന്നു. അടുത്ത വർഷത്തെ പ്രോജക്ട് പ്രൊപ്പോസൽ സംബന്ധിച്ച ചർച്ച നടത്തി.

## സ്കിൽ ഡെവലപ്മെന്റ് ലേർണിംഗ് പ്രോഗ്രാം



2022 ഒക്ടോബർ 21 മുതൽ 24 വരെ കൽക്കട്ട ധ്യാൻ ആശ്രമത്തിൽ വെച്ച് നടന്ന സ്കിൽ ഡെവലപ്മെന്റ് ലേർണിംഗ് പ്രോഗ്രാമിൽ നീതിവേദിയിൽ നിന്നും ശ്രീമതി ഫ്ളൈസി ജോസ്, അഡ്വ. ജോമോൾ ജോയി എന്നിവർ പങ്കെടുത്തു.


NEETHI VEDHI
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട്– 673122
ഫോൺ– 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org